DHARMARAM COLLEGE LIBRARY BANGALORE.

The Palai Diocesan Bulletin

സന്ദേശപ്രകാശം

Dominus Illuminatio Mea

Vol. XVII | 1967 JUNE | No. 3

Pastoral Letter No. 84

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
സംതൃപ്തിയാലും പാലാ രൂപതയുടെ
മെത്രാനായ

നാം

വയലിൽ സെബാസ്റ്റ്യൻ

നമ്മുടെ അധികാരത്തിലുള്ള പള്ളികളിലേ ബ. വൈദികർക്കും
സന്ന്യാസിമാർക്കും കന്യാസ്ത്രീകൾക്കും നമ്മുടെ പ്രിയപ്പെട്ട
വിശ്വാസികൾക്കും ഏവർക്കും നമ്മുടെ കർത്താവിൽ
സമാധാനവും വാഴ്വും

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

സത്യത്തിനും സന്മാർഗ്ഗത്തിനും ദൈവിക സമാധാനത്തിനുമെതിരായി തിന്മയുടെ ശക്തികൾ തല ഉയർത്തുന്ന ഇക്കാലത്തു വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതിനും ആദർശദീപം ഉയർത്തിപ്പിടിക്കുന്നതിനും നിത്യസത്യങ്ങളിൽ ദൃഢബോദ്ധ്യം സമ്പാദിച്ചിരിക്കണം. തിന്മയ്ക്കെതിരായ സമരത്തിൽ "വിശ്വാസമാകുന്ന പരിചയുമായും..... ദൈവവചനമാകുന്ന വാളും ധരിക്കുവാൻ" പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നു. (എഫേ. 6: 16-17)

അജ്ഞതയും അല്പജ്ഞാനവും പലപ്പോഴും അപകടകാരികളാണ്. ആപത്തിൽ നിപതിക്കുന്നവൻ അന്യരെക്കൂടി അതിലേക്കു് ആനയിക്കുന്നതായിക്കാണാം. മതപരമായ അജ്ഞതയാണു് ഇന്നത്തെ പല തിന്മകൾക്കും കാരണം. "വിശ്വാസരഹസ്യങ്ങളെപ്പറ്റിയുള്ള അജ്ഞത നിമിത്തം സ്വയം നാശമടഞ്ഞവരാണു ശിക്ഷിക്കപ്പെട്ടവരിൽ ഭൂരിഭാഗവും" എന്നു് 15-ാം ബനഡിക്ടോസ് മാപ്പാപ്പാ പ്രസ്താവിക്കുകയുണ്ടായി. ഭൗതികമണ്ഡലത്തിൽ വിജ്ഞാനത്തിന്റെ ഉത്തുംഗശൃംഗത്തിൽ സ്ഥിതിചെയ്യുന്നു എന്നു് അഭിമാനിക്കുന്ന പലരുടേയും മതവിജ്ഞാനം അനുകമ്പാർഹമാണു്.

വളരുന്ന തലമുറയെപ്പറ്റി പലരും ഉൽകണ്ഠപ്രടശിപ്പിക്കാറുണ്ടു്. എന്നാൽ അവരെ ഉത്തമരാക്കുവാനുള്ള മുഖ്യോപാധി മതാഭ്യസനമാണെന്നു് അധികമാരും മനസ്സിലാക്കുന്നില്ല. 1946-ൽ സ്പെയിനിലേ മതപഠന കോൺഗ്രസ്സിനു നല്കിയ സന്ദേശത്തിൽ ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് തിരുമേനി ഇപ്രകാരം പ്രസ്താവി

ക്കുന്നു: "ഗൗരവാവഹമായ പല തിന്മകളും ഇന്നു ലോകത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ, മതകാര്യങ്ങളിലുള്ള അജ്ഞതപോലെ ഭരന്തഫലങ്ങൾ ഉളവാക്കുന്ന മറെറാന്നുമില്ല. ശക്തമായ പരിഹാരമാർഗ്ഗം സത്വരം സ്വീകരിക്കേണ്ട പല കാര്യങ്ങളുണ്ട്. എന്നാൽ മതാധ്യാപനം പോലെ ഉടനടി നാം ശ്രദ്ധപതിക്കേണ്ട അധികം കാര്യങ്ങളില്ല. മാതാപിതാക്കന്മാർ ഗാർഹികരംഗങ്ങളിൽ, അദ്ധ്യാപകന്മാർ ക്ലാസ്സുമുറികളിൽ, വൈദികർ വിശുദ്ധസ്ഥലങ്ങളിൽ, എവിടെയും ഇളംതലമുറയ്ക്കായി കത്തോലിക്ക മതതത്വങ്ങളുടെ ഭാണ്ഡാഗാരം തുറന്നുകൊടുത്തുകൊണ്ട് തദനുസരണം അവരെ രൂപീകരിക്കണം."

പരിശുദ്ധ പിതാവിന്റെ വാക്കുകളിൽനിന്നു മതാധ്യാപനത്തിൽ നാം എത്രമാത്രം ശ്രദ്ധപതിക്കേണ്ടതാണെന്നു വ്യക്തമാണല്ലോ. ചെറുപ്പകാലത്തു് ശരിയായ മതാഭ്യസനം സിദ്ധിക്കുന്നവർ മാത്രമേ പ്രായമാകുമ്പോൾ ഉത്തമമായ ജീവിതം നയിക്കൂ. "വിത്തുവിതയ്ക്കാത്ത നിലത്തുനിന്നു നിഷ്ഫലമായിട്ടാണു നാം വിളവു പ്രതീക്ഷിക്കുന്നതെങ്കിൽ, ക്രിസ്തീയാഭ്യസനം സിദ്ധിച്ചിട്ടില്ലാത്ത ഒരു തലമുറയിൽനിന്നു നാമെങ്ങനെയാണു സാന്മാർഗ്ഗികത്വം പ്രതീക്ഷിക്കുന്നതു്?" എന്നു വിശുദ്ധനായ പത്താംപീയൂസ് ചോദിക്കുന്നു.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

മധ്യവേനൽ അവധികഴിഞ്ഞു വിദ്യാലയങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചിരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനായി മാതാപിതാക്കന്മാർ സമ്പത്തും പ്രയത്നവും നിർല്ലോഭം ചെലവഴിക്കുന്ന സന്ദർഭമാണിതു്. നമ്മുടെ പ്രിയകുഞ്ഞുങ്ങൾ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും പ്രയോജനമുള്ളവരാകേണ്ടതു് നമ്മുടേയും അവരു

ടേയും ആവശ്യമാണു്. കുട്ടികളുടെ വിദ്യാഭ്യാസകാലത്തു ലഭിക്കുന്ന പരിശീലനം അതിപ്രധാനമായ ഒന്നാണെന്നു് എല്ലാവരും സമ്മതിക്കുന്നു.

കുട്ടികൾക്കു ഭൗതിക വിദ്യാഭ്യാസം നല്കുന്നതിൽ മാതാപിതാക്കന്മാർ അതീവശ്രദ്ധ ചെലുത്തുന്നുണ്ടു്. അതോടൊപ്പം അവരുടെ മതവിദ്യാഭ്യാസത്തിലും ഉത്സുകരാകുന്നില്ലെങ്കിൽ അതു ഭാവിയിൽ ഗുരുതരമായ വിപത്തുകൾക്കു കാരണമാകുമെന്നതു തീർച്ചയാണു്. നാളത്തെ തലമുറ മതചൈതന്യമുള്ളതാകണമെങ്കിൽ ഇന്നത്തെ കുട്ടികൾക്കു് അടിയുറച്ച മതപരിശീലനം നല്കിയേ തീരൂ.

നമ്മുടെ വിശ്വാസത്തിന്റെ വിലപ്പെട്ട സത്യങ്ങൾ വളരുന്ന തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനായി സ്കൂളിലേ മതപഠനക്ലാസ്സുകൾക്കുപുറമേ സണ്ടേസ്കൂളും ശുപതയിലേ എല്ലാ ഇടവകകളിലും നടത്തിവരുന്നുണ്ടല്ലോ. സണ്ടേസ്കൂൾ പല ഇടവകകളിലും തൃപ്തികരമായി നടന്നുവരുന്നുണ്ടു് എന്നതു ചാരിതാർത്ഥ്യജനകമാണു്. എങ്കിലും, ചില സ്ഥലങ്ങളിൽ സണ്ടേസ്കൂൾ കാര്യമായി പ്രവർത്തിക്കുന്നില്ല എന്നതു് ഒരു പരമാർത്ഥമത്രേ.

ഓരോ ഇടവകയിലും ബ. വികാരിയും മതാധ്യാപകരും രക്ഷാകർത്താക്കളും സണ്ടേസ്കൂൾ കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തണമെന്നു നാം ആഗ്രഹിക്കുന്നു. നമ്മുടെ ശുപതയിലേ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും അങ്ങനെ കൂടുതൽ കാര്യക്ഷമമായ വിധത്തിൽ കുട്ടികൾക്കു മതാഭ്യസനം നല്കുന്നതിനും അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണു്. ഓരോ ഫൊറോനായിൽനിന്നും 4 പ്രതിനിധികളെ വീതം തിരഞ്ഞെടുക്കുകയും അവരുടെ പ്രതിമാസസമ്മേളനങ്ങൾ നടക്കുകയും ചെയ്യുന്നുണ്ടു്. പൊതുവായ നിയമാവലി, ആവ

ശ്യമായ റിക്കാർഡുകൾ, മതബോധനബുള്ളറിൻ പ്രസിദ്ധീകരണം എന്നിവയ്ക്കായി ഓരോ കമ്മിറ്റികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിയമാവലി താമസമെന്യേ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതാണു്. സണ്ടേസ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷാഫോറം, വിടുതൽസർട്ടിഫിക്കറ്റു്, കുട്ടികൾ ഹാജരാകാത്തപ്പോൾ മാതാപിതാക്കന്മാരെ വിവരം അറിയിക്കുവാനുള്ള ഇന്റിമേഷൻഫോറം, കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള ഹാജർബുക്കു് എന്നീ റിക്കാർഡുകൾ തയ്യാറായിട്ടുണ്ടു്. മറ്റു ചിലതിന്റെ അച്ചടി നടന്നുകൊണ്ടിരിക്കുകയാണു്. ഈ വർഷാരംഭത്തിൽത്തന്നെ മേല്പറഞ്ഞ റിക്കാർഡുകൾ എല്ലാ സണ്ടേസ്കൂളുകളിലും ഉണ്ടായിരിക്കുവാൻ ബ. വികാരിമാരും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കണം.

താഴെപ്പറയുന്ന കാര്യങ്ങൾ നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്കും പ്രവർത്തനത്തിനും വിഷയീഭവിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു:

1. സണ്ടേസ്കൂളിന്റെ അധ്യയനവത്സരം ആരംഭിക്കുന്നതു ജൂൺ 1-ാം ഞായറാഴ്ചയും അവസാനിക്കുന്നതു അടുത്ത മേയ് 2-ാം ഞായറാഴ്ചയും ആയിരിക്കും.

2. മതപഠനക്ലാസ്സിൽ കുട്ടികളെ ചേർക്കുന്നതിനു സ്കൂളിലെന്നതുപോലെ രക്ഷാകർത്താക്കൾതന്നെ വരുകയും നിശ്ചിത അപേക്ഷാഫാറം പൂരിപ്പിച്ചു ഹെഡ്മാസ്റ്റരെ ഏല്പിക്കുകയും ചെയ്യേണ്ടതാണു്.

3. ഏതെങ്കിലും കാരണത്താൽ കുട്ടികൾക്കു മതപഠനക്ലാസ്സിൽ സംബന്ധിക്കുവാൻ സാധ്യമല്ലാതെവന്നാൽ അവധിക്കപേക്ഷിക്കണം.

4. തുടച്ചയായി രണ്ടുപ്രാവശ്യം അവധിക്രൂടാതെ ക്ലാസ്സിൽ ഹാജരാകാതിരിക്കുന്ന കുട്ടികളുടെ മാതാപിതാ

ക്കന്മാരെ ബ. വികാരി ആ വിവരം കത്തുമൂലം അറിയിക്കണം.

5. അധ്യയനവഷ്ത്തെ മൂന്നു ടേമുകളിലായി തിരിച്ചു് ഓരോ ടേമിന്റേയും അവസാനം പരീക്ഷനടത്തേണ്ടതാണു്. വഷ്ാവസാനപ്പരീക്ഷ മതബോധനകേന്ദ്രത്തിന്റെ ഉത്തരവാദിത്വത്തിൽ മേയ്മാസത്തിൽ നടത്തപ്പെടുന്നതായിരിക്കും. വഷ്ാവസാനപ്പരീക്ഷയ്ക്കു് എല്ലാ ക്ലാസ്സിലേക്കുമുള്ള ചോദ്യക്കടലാസുകൾ കേന്ദ്രത്തിൽനിന്നു നല്കുന്നതായിരിക്കും.

6. ഇനിമുതൽ നമ്മുടെ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസത്തിനും ജോലിക്കും, എതെങ്കിലും ജീവിതാന്തസ്സിൽ പ്രവേശിക്കുന്നതിനും സണ്ടേസ്കൂൾ സർട്ടിഫിക്കറു നിർബ്ബന്ധിതമാക്കുവാൻ നാം ആഗ്രഹിക്കുന്നു.

അതിനാൽ, മതബോധനം പൂത്തിയാക്കാത്തവരും 18 വയസ്സിനുമേൽ പ്രായമുള്ളവരും അവിവാഹിതരുമായ എല്ലാ യുവതീയുവാക്കന്മാർക്കുംവേണ്ടി പ്രത്യേക ക്ലാസ്സുകൾ നടത്തി സ്പെഷ്യൽ ഡിപ്ലോമ നല്കേണ്ടതാണു്. (ഈ ഡിപ്ലോമ പരീക്ഷയ്ക്കുള്ള സിലബസ് പിന്നാലെ പ്രസിദ്ധീകരിക്കുന്നതായിരിക്കും).

7. സണ്ടേസ്കൂളിനു് ആവശ്യമായ സ്ഥലസൗകര്യങ്ങൾ എല്ലാ ഇടവകകളിലും ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. ആവശ്യമുള്ളിടത്തോളം ക്ലാസ്സുകളും, ഓരോ ക്ലാസ്സിലും മേശയും കസേരയും ബഞ്ചുകളും ഉണ്ടായിരിക്കണം. സണ്ടേസ്കൂളിനു് ഒരു ഓഫീസും, റിക്കാർഡുകളും റഫറൻസ് പുസ്തകങ്ങളും മറ്റും സൂക്ഷിക്കുവാൻ ഒരു അലമാരയും ഉണ്ടായിരിക്കണം.

8. സണ്ടേസ്കൂൾ അദ്ധ്യാപകന്മാർ മാസത്തിലൊരിക്കൽ ബ. വികാരിയുടെ നേതൃത്വത്തിൽ സമ്മേളിച്ചു്

സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനെപ്പറ്റി ചർച്ചകൾ നടത്തേണ്ടതാണു്. മതാധ്യാപക ക്ലാസ്സുകളും, സണ്ടേസ്കൂൾ അദ്ധ്യാപനം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി പ്രസംഗങ്ങളും പ്രസ്തുത സമ്മേളനങ്ങളിൽ സംഘടിപ്പിക്കണം. സമ്മേളനാനന്തരം അദ്ധ്യാപക പള്ളിച്ചെലവിൽ ലഘുഭക്ഷണം നല്കാവുന്നതാണു്.

9. ഒരു ഇടവകയുടെ അതിർത്തിക്കുള്ളിൽ അന്യ ഇടവകക്കാരായ ആളുകൾ താമസിക്കുന്നുണ്ടാവാം. അവരുടെ കുട്ടികളെ സണ്ടേസ്കൂളിൽ ചേർക്കുന്നതിനു സ്വന്തം വികാരിയുടെ എഴുത്തുണ്ടായിരിക്കണം. അങ്ങനെ, അന്യ ഇടവകകളിലോ ആശ്രമങ്ങളോടനുബന്ധിച്ചുള്ള സണ്ടേസ്കൂളുകളിലോ മതപഠനം നിർവ്വഹിക്കുന്ന കുട്ടികളുടെ പേരു വിവരം ഓരോ ഇടവകവികാരിയും പ്രത്യേകം എഴുതിസൂക്ഷിക്കേണ്ടതാണു്.

ഒരു ഇടവകാതിർത്തിക്കുള്ളിൽ താമസിക്കുന്ന അന്യഇടവകക്കാരായ കുട്ടികളുടെ മതബോധന കാര്യത്തിൽ സ്ഥലത്തെ വികാരി അഥവാ, ആശ്രമമൈവാലയത്തിന്റെ ബ. സുപ്പീരിയർ പ്രത്യേകശ്രദ്ധചെലുത്തണമെന്നു് ഓർമ്മിപ്പിക്കുന്നു.

10 ഇടവകയിലേ എല്ലാകുട്ടികളും സണ്ടേസ്കൂളിൽ ഉത്സാഹപൂർവ്വം സംബന്ധിക്കുമ്പോൾ മാത്രമേ ആ ഇടവകയിൽ മതബോധനം കാര്യക്ഷമമായി നടക്കുന്നു എന്നു പറയാൻ നിർവ്വാഹമുള്ളൂ. അതിനാൽ, സണ്ടേസ്കൂൾ ഓഫീസിൽ ഇടവകയിലേ 18 വയസ്സു തികയാത്ത എല്ലാകുട്ടികളുടേയും ഒരു ലിസ്റ്റുണ്ടായിരിക്കേണ്ടതും ഹാജർപുസ്തകം പരിശോധിച്ചു കുട്ടികൾ വരാതെയുണ്ടോ എന്നു മനസ്സിലാക്കി നടപടികളെടുക്കുകയും ചെയ്യേണ്ടതാണു്. അടുത്തമാസത്തിനകം ബ. വികാരി മതാധ്യാപകരുടേയും മറ്റും സഹക

രണത്തോടുകൂടി ഇടവകയിലേ കുട്ടികളുടെ ഒരു സെൻസസ് എടുക്കണം. അതിനു് ആവശ്യകമായ ഫോറത്തിന്റെ മാതൃക അന്യത്ര കൊടുത്തിട്ടുണ്ടു്.

നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിനന്മയ്ക്കുവേണ്ടിയുള്ള എല്ലാപരിശ്രമങ്ങളിലും ദൈവാനുഗ്രഹം ധാരാളമായി ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

നമ്മുടെ കത്താവിന്റെ ശിഷ്യന്മാരിൽ പ്രമുഖനായ വി. പത്രോസിന്റേയും, വിജാതീയരുടെ അപ്പസ്തോലൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി. പൗലോസിന്റേയും രക്തസാക്ഷിത്വത്തിന്റെ 19-ാം ശതവാർഷികം ഇക്കൊല്ലം തിരുസ്സഭ ആചരിക്കുകയാണു്. നീറോ ചക്രവർത്തിയുടെ അതിക്രൂരമായ മതമർദ്ദനകാലത്തു് ക്രിസ്താബ്ദം 67-ലാണു് വി. പത്രോസും പൗലോസും രക്തസാക്ഷിത്വം വരിച്ചതു്. രണ്ടുപേരുടേയും രക്തസാക്ഷിത്വത്തിന്റെ 18-ാം ശതവാർഷികം 9-ാം പീയൂസ് മാർപ്പാപ്പായുടെ കല്പനപ്രകാരം 1867-ൽ ആചരിക്കുകയുണ്ടായി. 19-ാം ശതവാർഷികം സാഘോഷം കൊണ്ടാടുവാൻ ഇന്നു ഭാഗ്യമോടെ വാഴുന്ന 6-ാം പോൾ മാർപ്പാപ്പാ നമ്മെ ആഹ്വാനം ചെയ്യുന്നു. ശതവാർഷികത്തോടനുബന്ധിച്ചു് ഒരു ജൂബിലി വത്സരവും മാർപ്പാപ്പാ തിരുമേനി പ്രഖ്യാപിച്ചിരിക്കുകയാണു്. ജൂബിലി വത്സരം 1967 ജൂൺ 29-ാം തീയതി ആരംഭിക്കുന്നതും 1968 ജൂൺ 29-ാം തീയതി അവസാനിക്കുന്നതുമായിരിക്കും.

നമ്മുടെ വിശ്വാസത്തിന്റെ പുനരുജ്ജീവനവും സ്ഥിരീകരണവും പ്രഖ്യാപനവും ആണു് ഈ ജൂബിലി വർഷത്തിൽ പരിശുദ്ധപിതാവു നമ്മിൽനിന്നു് ആവശ്യപ്പെടുന്നതു്. സ്വന്തം ജീവനും രക്തവും നല്കി വിശ്വാസത്തെ

സംരക്ഷിക്കുകയും, അതുവഴി ആദിമസഭയുടെ ആവേശവും ചൈതന്യവും പകർന്നുകൊടുക്കുകയും ചെയ്ത വി. പത്രോസും പൗലോസും ആധുനികലോകത്തിനു ധീരമാതൃകകളാണു്. വ്യക്തികളുടേയും കുടുംബങ്ങളുടേയും സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും വിശുദ്ധീകരണത്തിനും, ദൈവവുമായുള്ള ബന്ധത്തിന്റെ ദൃഢവല്ക്കരണത്തിനുമായി ഈ ജൂബിലി വത്സരത്തിൽ പ്രത്യേകം പരിശ്രമിക്കണമെന്നു പരിശുദ്ധ പിതാവു് അഭിലഷിക്കുന്നു. നമ്മുടെ രൂപതയിലേ എല്ലാ ദൈവാലയങ്ങളിലും അടുത്തഞായറാഴ്ച വി. കുർബാനയുടെ വാഴ്വിന്റെ നേരത്തു വിശ്വാസപ്രമാണം ചൊല്ലേണ്ടതാണു്. ഇടവകയിൽ മതബോധനം കാര്യക്ഷമമാക്കുന്നതിൽ ഓരോരുത്തരും അവരവരുടെ പങ്കുനിർവ്വഹിച്ചുകൊണ്ടു് ഈ ജൂബിലിവർഷം വിജയപ്രദമാക്കുവാൻ യത്നിക്കണമെന്നു് നാം സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ വിശ്വാസചൈതന്യം നിങ്ങളിൽ നാൾക്കുനാൾ വർദ്ധിച്ചുവരുവാനുള്ള അനുഗ്രഹം വി. പത്രോസിന്റേയും പൗലോസിന്റേയും മാധ്യസ്ഥ്യംവഴി ലഭിക്കുമാറാകട്ടെ എന്നു് പ്രാർത്ഥിക്കുകയും, പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ നാമത്തിൽ നിങ്ങൾ ഏവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുകയുംചെയ്യുന്നു.

+ Sebastian Vayalil.

✠ സെബാസ്റ്റ്യൻ വയലിൽ

പാലാ രൂ. മെത്രാൻ

മെത്രാസനമന്ദിരം, പാലാ
21—6—1967

N. B. നമ്മുടെ ഈ ഇടയലേഖനം അടുത്തഞായറാഴ്ച വിശുദ്ധ കുർബാനയിലേ ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചുകൊള്ളണം.

Circular No. 118

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ "Christus Dominus" എന്ന ഡിക്രിയുടേയും പരിശുദ്ധപിതാവു് ആറാം പൗലോസു് മാപ്പ്വാപ്പാ തിരുമനസ്സിലേ "Ecclesiae Sanctae" എന്ന തിരുവെഴുത്തിന്റേയും അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിൽ ഒരു വൈദികസമിതിയും (Priests' Council) ഒരു വൈദിക-അല്മായ സമിതി (Pastoral Council)യും ഇതിനാൽ നാം സംഘടിപ്പിക്കുന്നു. അവ വഴിയായി രൂപതാഭരണത്തിനു് നമ്മുടെ ബ. വൈദികരുടേയും പ്രിയ വിശ്വാസികളുടേയും കൂടുതൽ സഹായസഹകരണങ്ങൾ നമുക്കു് ലഭിക്കുമെന്നു് നാം പ്രതീക്ഷിക്കുന്നു. Priests' Council-ലും Pastoral Council-ലും അംഗങ്ങളായി നമ്മുടെ ബ. വൈദികർ തിരഞ്ഞെടുത്ത ആളുകളുടേയും പ്രത്യേക പ്രസ്ഥാനങ്ങൾ, സംഘടനകൾ മുതലായവയുടെ പ്രതിനിധികളായി നാം നിർദ്ദേശിക്കുന്ന ആളുകളുടേയും പേരു് ഇതോടൊന്നിച്ചു് ചേർക്കുന്നു. രണ്ടു കൗൺസിലുകളുടേയും കാലാവധി മൂന്നുവർഷത്തേക്കു് ആയിരിക്കുന്നതാണു്.

Priests' Council (വൈദിക സമിതി)

പ്രസിഡൻറ്: രൂപതാദ്ധ്യക്ഷൻ

അംഗങ്ങൾ :-

1. റൈറ്റു് റവ. മോൺ. ഫിലിപ്പു് വാലിയിൽ, വികാരി ജനറാൾ
2. റവ. ഫാ. ജോസഫു് മറ്റം, ചാൻസലർ (*Secretary*)
3. രൂപതയിലേ അഡ്മിനിസ്ട്രേഷൻ കൗൺസിൽ അംഗങ്ങൾ
4. രൂപതയിലേ നിലവിലുള്ള ആലോചനക്കാർ
5. നമ്മുടെ 6 ഫൊ. പള്ളികളിലേ പെ. ബ. വികാരിമാർ
6. തിരഞ്ഞെടുക്കപ്പെട്ട വൈദികപ്രതിനിധികൾ

a) പാലാ കത്തീഡ്രൽ

1. റവ. ഫാ. കുര്യാക്കോസ് കൊട്ടാരത്തിൽ
2. ,, ,, അബ്രാഹം കൈപ്പൻപ്ലാക്കൽ

b) ആനക്കല്ലു ഫൊറോനാ

1 റവ. ഫാ. അബ്രാഹം വലിയപറമ്പിൽ
2. ,, ,, ജേക്കബ് താഴത്തേൽ

c) കുറവിലങ്ങാട്ട് ഫൊറോനാ

1; റവ. ഫാ. ജോർജ്ജ് മുളങ്ങാട്ടിൽ
2. ,, ,, ജോൺ പ്ലാക്കീൽ

d) രാമപുരം ഫൊറോനാ

1. റവ. ഫാ. ജോസഫ് താഴത്തേൽ
2. ,, ,, ജോസഫ് നാട്ടനിലം

e) മുട്ടുചിറ ഫൊറോനാ

1. വെ. റവ. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ
2. റവ. ഫാ. ജോസഫ് പെരിയപ്പുറം

f) അരുവിത്തുറ ഫൊറോനാ

1. റവ. ഫാ. തോമസ് അരയത്തിനാൽ
2. ,, ,, ഫ്രാൻസീസ് കണ്ടത്തിൽ

7. വിദഗ്ധാംഗങ്ങൾ (Periti)

1. റൈറ്റു റവ. മോൺ. ജേക്കബ് വെള്ളരിങ്ങാട്ട്
റെക്ടർ, സെന്റ് ജോസഫ്സ് മിഷൻ ഹോം, പാലാ

2. റവ. ഫാ. തോമസ് മൂത്തേടം
റെക്ടർ, ഗ്രഡ്ഷെപ്പേർഡ് മൈനർ സെമിനാരി, പാലാ

3. റവ. ഫാ. ജോസഫ് കുരീത്തടം
പ്രിൻസിപ്പൽ, സെന്റ് തോമസ് കോളെജ്, പാലാ

4. റവ. ഫാ. ജോൺ പെരുമറ്റം
വൈ. റെക്ടർ ഗ്രഡ് ഷെപ്പേർഡ് മൈനർ സെമിനാരി, പാലാ

5. റവ. ഫാ. തോമസ് പുരയിടം
സെക്രട്ടറി, ബിഷപ്പ്സ് ഹൗസ്, പാലാ

Pastoral Council (വൈദിക–അത്മായ സമിതി)

പ്രസിഡണ്ട്: രൂപതാദ്ധ്യക്ഷൻ

അംഗങ്ങൾ :-

1. വൈദികസമിതിയിലേ അംഗങ്ങൾ
2. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ
   a) പാലാ കത്തീഡ്രൽ
      1. ശ്രീ കെ. സി. സെബാസ്റ്റ്യൻ
      2, ,, കെ. ജെ. ചാണ്ടി
   b) ആനക്കല്ല് ഫൊറോനാ
      1. ശ്രീ വി. ജെ. ജോസഫ് വട്ടവയലിൽ
      2. ,, ഇട്ടിയവിരാ മഴുവന്നൂർ
   c) കുറവിലങ്ങാട് ഫൊറോനാ
      1. ശ്രീ വി. സി. ജോർജ്ജ്
      2. ,, എൻ. എ. ജോൺ നിധീരി
   d) രാമപുരം ഫൊറോനാ
      1. ശ്രീ ഇ൯. എം. ജോസഫ്
      2. ,, ജോൺ കച്ചിറമറ്റം
   e) മുട്ടുചിറ ഫൊറോനാ
      1. ശ്രീ ഒ. ലൂക്കോസ്
      2. ,, ജോർജ്ജ് കുര്യാസ് (തുരുത്തിപ്പള്ളി)
   f) അരുവിത്തുറ ഫൊറോനാ
      1. ശ്രീ പി. സി. അബ്രാഹം
      2. ,, എൻ. എം. സ്കറിയാ ഈന്തുപ്ലാക്കൽ
3. സന്ന്യാസസഭാപ്രതിനിധികൾ
   1. വെരി റവ. ഫാ. റിച്ചാർഡ് സി. എം. ഐ.
      കാർമെലൈറ്റ് മൊണാസ്ട്രി, പാലാ
   2. വെരി റവ. ഫാ. അൽഫോൺസ് O.F.M.(Cap.)
      അസ്സീസി ഫ്രയറി, ഭരണങ്ങാനം
   3, വെരി റവ. ഫാ. ജോൺ റാത്തപ്പിള്ളി
      വിൻസെൻഷ്യൻ ആശ്രമം, നസ്രത്തുഹിൽ
   4. വെരി റവ. ഫാ. ജോർജ്ജ് ഓലിക്കമലയിൽ
      M. C. B. S. മൊണാസ്ട്രി, കരിമ്പാനി

4. സന്യാസിനിസഭാ പ്രതിനിധികൾ

1. റവ. സി. ലെയോ, മദർ ജനറാൾ,
ക്ലാരിസ്റ്റ് കോൺവെൻറ്, അരുണാപുരം

2. റവ. സി. ഫ്ളോറാ, പ്രൊവിൻഷ്യൽ സുപ്പീരിയർ,
കാർമെലൈറ്റ് കോൺവെൻറ്, പാലാ

3. റവ. സി. മേരി ആലിസ്, മദർ കമ്മീസറി,
അഡോറേഷൻ കോൺവെൻറ്, നെല്ലിയാനി

4. റവ. സി. ജോൺ ബാപ്റ്റിസ്റ്റാ, മദർ ജനറാൾ,
സേക്രട്ട് ഹാർട്ട് കോൺവെൻറ്, പാലാ

5. സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും പ്രതിനിധികൾ

a) വിദ്യാഭ്യാസം

1. റവ. ഫാ. ജോസഫ് തണ്ണിപ്പാറ, പ്രിൻസിപ്പൽ,
സെൻറ് തോമസ് ടെയിനിംഗ് കോളെജ്, പാലാ

2. റവ. ഫാ. എൻ. എം. തോമസ്, പ്രിൻസിപ്പൽ,
അൽഫോൻസാ കോളെജ്, പാലാ

3. റവ. ഫാ. എൻ. എ. തോമസ്, പ്രിൻസിപ്പൽ,
ദേവമാതാ കോളെജ്, കുറവിലങ്ങാട്

4. ശ്രീ കെ. ജെ. സ്കറിയാ, പ്രിൻസിപ്പൽ,
സെൻറ് ജോർജ്ജ്സ് കോളെജ്, അരുവിത്തുറ

5. റവ. ഫാ ജേക്കബ് മണ്ണനാൽ

b) റവ. ഫാ. എബ്രാഹം തൊണ്ടിക്കൽ
ശ്രീ റവി. പി. ജോസഫ്
(അദ്ധ്യാപക പ്രതിനിധികൾ)

c) റവ. ഫാ. അബ്രാഹം ഈറയ്ക്കുന്നേൽ
(മിഷൻലീഗ്)

d) റവ. ഫാ. ഗിൽബർട്ട് ഒ. എഫ്. എം.
(ഫ്രാൻസിസ്കൻ മൂന്നാംസഭ)

e) ശ്രീ കെ. ജെ. അബ്രാഹം കള്ളിവയലിൽ
ശ്രീ പി. ഐ. സക്കറിയാ പൊരുന്നോലിൽ
(സെൻറ് വിൻസെൻറ് ഡി പോൾ)

f) ശ്രീ സി. ദേവസ്യാ പറമുണ്ടയിൽ
(ലീജിയൻ ഓഫ് മേരി)

g) ശ്രീ മാത്യു സി. കുരിക്കാട്ട് (അഡ്വക്കേറ്റ്)

h) റവ. ഫാ. ജോജ്ജ് നെല്ലിക്കാട്ട്,
ശ്രീ കെ. സി. ചാക്കോ കാടൻകാവിൽ
(എൻജിനീയേഴ്സ്)

i) റവ. ഫാ. അഗസ്റ്റിൻ വടക്കേടം (സാമൂഹ്യപ്രവർത്തനം)

j) റവ. ഫാ. ജേക്കബ് പ്ലാത്തോട്ടം,
സാധു ഇട്ടിയവിരാ (പ്രസ്സ് അപ്പോസ്തലേറ്റ്)

k) റവ. ഫാ. ഇമ്മാനുവേൽ വെട്ടുവഴി,
മിസ് ത്രേസ്യാക്കുട്ടി ഒഴാക്കൽ (മതപഠനം)

l) റവ. ഫാ. ജോജ്ജ് കളപ്പുര (ഹോസ്പിറ്റൽസ്)

m) ശ്രീ തോമസ് ജോസഫ് കൊട്ടുകാപ്പിള്ളിൽ -
മുൻസിപ്പൽ ചെയർമാൻ

n) 1. ശ്രീ ജോസഫ് തോമസ് കുരുവിനാക്കുന്നേൽ,
2. ,, ജോജ്ജ് തോമസ് കൊട്ടുകാപ്പള്ളിൽ,
3. ,, സ്റ്റീറിയാ ഇടുക്കര,
4. ,, കെ. ജെ, ജോസഫ് പൊട്ടൻകുളം,
5. ,, കുരുവിള (കുറുച്ചൻ) വെള്ളക്കുന്നേൽ,
6. ,, തോമസ് (ബേബി) മൂഴയിൽ
7. ,, സി. സി. ജോസഫ് ചെട്ടിപ്പറമ്പിൽ,
(കൃഷി, വാണിജ്യം, വ്യവസായം, തൊഴിൽ)

o) 1. ശ്രീമതി ആർ. വി. തോമസ്,
2. ,, മറിയക്കുട്ടി ജോജ്ജ്
3. ,, അന്നമ്മ ജോസഫ് കുരുവിനാക്കുന്നേൽ
(വനിതാപ്രതിനിധികൾ)

p) 1. വെ. റവ. ഫാ. എബ്രാഹം വടക്കേൽ
2. മഹാകവി പ്രവിത്താനം പി. എം. ദേവസ്യാ
3. ശ്രീ എസ്. കുര്യൻ വേമ്പേനി
4. ,, തോമസ്ഖാൻ, വയലാ
(സാഹിത്യകാരന്മാർ)

† സെബാസ്റ്റ്യൻ വയലിൽ
പാലാ രൂ. മെത്രാൻ

മെത്രാസനമന്ദിരം പാലാ,
21-6-1967.

N. B. ഈ സർക്കുലർ അടുത്ത ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കണം.

ബ. വൈദികരുടെ സ്ഥലംമാറ്റം, നിയമനം.

കരിങ്ങോഴയിൽ ബ. സക്കറിയാസച്ചൻ,
ഏഴാച്ചേരി പള്ളി വികാരി
കാര്യപ്പുറത്തു ബ. ആഗസ്തി അച്ചൻ, കുറിഞ്ഞി ,,
നാട്ടുനിലത്തു ബ. യൗസേപ്പച്ചൻ, പെരിങ്ങളം ,,
മണിയങ്ങാട്ടു ബ. യൗസേപ്പച്ചൻ, കൈപ്പള്ളി ,,
നെല്ലിക്കാട്ടു ബ. ജോർജ്ജ് അച്ചൻ,
വിളക്കുമാടം പള്ളി അസി. വികാരി
പാറപ്പാക്കൽ ബ. ഫ്രാൻസീസച്ചൻ,
രാമപുരം ഫൊ. പള്ളി ,,
ആറാക്കപ്പടവിൽ ബ. ജോർജ്ജ് അച്ചൻ,
കടുത്തുരുത്തി പള്ളി ,,
മലാനായിൽ ബ. യൗസേപ്പച്ചൻ,
ഏലിവാലി കു. പള്ളി അസി. വികാരി
തുടിപ്പാറെ ബ. എബ്രാഹമച്ചൻ,
വേങ്ങത്താനം കു. പള്ളി അസി. വികാരി
വടകരക്കാലായിൽ ബ. ആഗസ്തി അച്ചൻ,
കൊഴുവനാൽ ഫാത്തിമാ മിഷൻ ആശുപത്രി
ഡയറക്ടർ.

ബീഹാർഫണ്ട്

ബീഹാറിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി നമ്മുടെ രൂപതയിൽ നടത്തിയ പിരിവിൽ 12000രൂപ ലഭിക്കുകയുണ്ടായി അതു അധികൃതസ്ഥാനങ്ങളിൽ എത്തിക്കുകയും, സംഭാവന നല്കിയവർക്കെല്ലാം കൃതജ്ഞതപറഞ്ഞുകൊണ്ടുള്ള മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സംഭാവനകളുടെ ഇടവകതിരിച്ചുള്ള ലിസ്റ്റ് അടുത്തലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രൊക്കുറേറ്റർ

സൺഡേസ്കൂൾ റിക്കാർഡുകൾ

അഭിവന്ദ്യപിതാവിന്റെ ഇടയലേഖനത്തിലെ താൽപര്യമനുസരിച്ചു തയ്യാറാക്കിയിരിക്കുന്ന സൺഡേസ്കൂൾ റിക്കാർഡുകൾ മതബോധനകേന്ദ്രത്തിൽനിന്നു ലഭിക്കുന്നതാണു്. സണ്ടേസ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷാഫാറം, വിടുതൽ സർട്ടിഫിക്കറു്, കുട്ടികൾ ഹാജരാകാത്തപ്പോൾ മാതാപിതാക്കന്മാരെ വിവരം അറിയിക്കുവാനുള്ള ഇൻറിമേഷൻഫോറം, കുട്ടികൾക്കും അധ്യാപകർക്കുമുള്ള ഹാജർബുക്കുകൾ എന്നീ റിക്കാർഡുകൾ തയ്യാറായിട്ടുണ്ടു്.

"മതബോധനം"

(സണ്ടേസ്കൂൾ ബുള്ളറിൻ)

മതബോധനത്തെപ്പറ്റി ശാസ്ത്രീയമായി പ്രതിപാദിക്കുന്നതും അധുനാതന ആശയങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു ആനുകാലിക പ്രസിദ്ധീകരണത്തിന്റെ അഭാവം മതാധ്യാപകർക്കും മതാധ്യാപനമണ്ഡലത്തിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വളരെയേറെ ബുദ്ധിമുട്ടുകൾക്കു് ഇടനല്കുന്നുണ്ടു്. ഇതു് അല്പമെങ്കിലും പരിഹരിക്കുന്നതിനുള്ള ഒരു വിനീത ശ്രമമെന്ന നിലയിൽ "മതബോധനം" എന്ന പേരിൽ ഒരു ആനുകാലിക പ്രസിദ്ധീകരണം തുടങ്ങുവാൻ മതബോധനകേന്ദ്രം ശ്രമങ്ങൾ നടത്തിവരുകയാണു്. "മതബോധന"ത്തിന്റെ ആദ്യത്തെ ലക്കം ജൂലൈ മാസത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു്. എല്ലാ സുഹൃത്തുക്കളുടേയും സഹായസഹകരണങ്ങളും നിർദ്ദേശങ്ങളും അഭ്യർത്ഥിക്കുന്നു.

മതബോധന ഡയറക്ടർ

ശ്രുതാഡയറി

ഏപ്രിൽ 23, 1967. വന്ദ്യപിതാവു പൂവരണി പള്ളിയിൽ പള്ളിയിൽ പതിമൂന്നുമണി ആരാധനയുടെ സമാപനചടങ്ങുകളിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

30. വിശ്രമാനന്തരം വന്ദ്യപിതാവു പീരുമേട്ടിൽനിന്നു തിരിച്ചെത്തി,

പാലാ സെൻറ് ജോസഫ്സ് മിഷൻഹോമിൻെറ രജതജൂബിലിയോടനുബന്ധിച്ചു സെൻറ് തോമസ് ഹൈസ്കൂളിൽ സംഘടിപ്പിച്ച അഖിലേന്ത്യമിഷൻ പ്രദർശനം ഉദ്ഘാടനം ചെയ്തു.

ജൂലൈ 2. ഭരണങ്ങാനം ഹൈസ്കൂളിൽ ദൈവവിളി ധ്യാനത്തിൽ സംബന്ധിച്ച വിദ്യാർത്ഥിനികളോട് ഉപദേശം പറഞ്ഞു.

3. അഡോറേഷൻ ഹോസ്റ്റലിൽ ബ. കന്യാസ്ത്രീകളുടെ സെമിനാർ ഉദ്ഘാടനംചെയ്തു.

ഉച്ചകഴിഞ്ഞു് കല്ലുങ്കത്ര ഓർത്തഡോക്സ് പള്ളിയിൽവച്ചു നടത്തപ്പെട്ട ഏകൃമേനിക്കൽ സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു.

പാറേൻമാമെത്രാൻ തിരുമേനി വന്ദ്യപിതാവിൻെറ ആതിഥ്യം സ്വീകരിച്ചു.

4. സെൻറ് തോമസ് ടെയിനിംഗ് കോളെജിൽവച്ചു നടത്തപ്പെട്ട കേരള സാഹിത്യസമിതിയുടെ ഒരു വിശേഷാൽയോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു.

6. സെൻറ് ജോസഫ്സ് മിഷൻഹോമിൻെറ രജതജൂബിലിയും അഖിലകേരള ചെറുപുഷ്പമിഷൻലീഗിൻെറ 20–ാംവാർഷികവും സംബന്ധിച്ചു സെൻറ് തോമസ് ഹൈസ്കൂൾഗ്രൗണ്ടിൽവച്ചു കൂടിയ പൊതുസമ്മേളനത്തിൽ സംബന്ധിച്ചു.

7. കുര്യനാട്ട കൊവേന്തയുടെ കനകജൂബിലിയോടനുബന്ധിച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു. കർമ്മലീത്താ സഭാംഗമായ ഒരു ബ. ശമ്മാശനു കുർബാനപ്പട്ടം നല്കി.

10. പാലാ കാമ്മെൽ ഹോസ്റ്റലിൽ ദൈവവിളിധ്യാനത്തിൽ പങ്കുകൊണ്ട [വിദ്യാത്ഥിനികളോട് ഉപദേശം പറഞ്ഞു.

15. ആരാധനസഭയുടെ ജനറൽ ചാപ്റ്ററർ ഉദ്ഘാടനം ചെയ്തു.

16. വന്ദ്യപിതാവ് ഭരണങ്ങാനത്തു് സി. അൽഫോൻസായുടെ കബറിടത്തിങ്കൽ ദിവ്യബലി അപ്പിച്ചു,

20, നെല്ലിയാനി ആരാധനമഠത്തിൽ ഏതാനും സഹോദരികളുടെ വ്രതവാഗ്ദാന ചടങ്ങുകളിൽ കാമ്മികത്വം വഹിച്ചു.

21. വളയങ്കോട്ട് കു. പള്ളിയിൽ ഔദ്യോഗികസന്ദർശനം നടത്തി. ഭക്തസംഘടനകളുടെ വാഷ്ികയോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു.

വൈകുന്നേരം, ഒളശയിൽവച്ചു നടത്തപ്പെട്ട അഖില കേരള ചെറുപുഷ്പ മിഷൻലീഗിന്റെ കോട്ടയംരൂപതാ വാഷ്ികത്തിൽ ആധ്യക്ഷ്യം വഹിച്ചു.

23. പരേതനാന റവ. ഡോ. റോജർ കാട്ടറത്തു് C. M. I. യുടെ മൃതസംസ്കാരചടങ്ങുകളിൽ പ്രധാന കാമ്മികത്വം വഹിച്ചു.

27. പാലാ ലീജിയൻ ഹോമിലെ അംഗങ്ങളോട് ഉപദേശം പറഞ്ഞു.

ഉച്ചകഴിഞ്ഞു് കേരളസാഹിത്യസമിതിയുടെ ഒരു സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു,

28. മരങ്ങാട്ടപള്ളിയിൽ പുതുതായി പണിതീത്തിരിക്കുന്ന വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പുകമ്മം നടത്തി.

കാഞ്ഞിരമറ്റം ഇടവകയിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന വൈദികമന്ദിരം വെഞ്ചരിച്ചു. കാഞ്ഞിരമറ്റത്തെ സണ്ടേസ്കൂൾ വാഷ്ികത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു.

29. അൽഫോൻസാ ഹോസ്റ്റൽ കപ്പേളയിൽ ഏതാനും ബ. സഹോദരികളുടെ വ്രതവാഗ്ദാനത്തിൽ കാമ്മികത്വം വഹിച്ചു.

30. വന്ദ്യപിതാവു് പ്രവിത്താനം പള്ളിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

ജൂൺ 4. വന്ദ്യപിതാവു് എലഞ്ഞി പള്ളിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

5. വന്ദ്യപിതാവു ചങ്ങനാശ്ശേരി അരമനയിലെത്തി മെത്രാപ്പോലിത്തതിരുമേനിയെ സന്ദർശിച്ചു.

11. ഭരണങ്ങാനം ഫൊറോനാപ്പള്ളിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

13. പരേതരായ വെച്ചിയാനിക്കലച്ചനേറയും എൻ. ററി. തോമസ് അച്ചനേറയും സ്മരണയ്ക്കായി കുടല്ലൂർ പള്ളിയിലുള്ള അവരുടെ കബറിടത്തുങ്കൽ മാർബിൾ ശില സ്ഥാപിച്ചു

18 കോതനല്ലൂർ പള്ളിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

Printed at the St. Thomas Press, Palai
Published by Fr. Thomas Purayidom

വീട്ടുപേരു് .....

മാതാപിതാക്കന്മാരുടെ പേരു് .....

	കുട്ടികളുടെ പേരു്	ജനനതീയതി (വർഷമെങ്കിലും)	സെൻസസ്സിന്റെ തീയതിക്കു്	സ്ത്രീ പുരുഷൻ	ഏതു ജാതിയിൽപ്പെട്ടതു്
1					
2					
3					
4					
5					
6					
7					

(കുട്ടികളുടെ സെൻസസ്സ് എടുക്കുവാനുള്ള ഫോറത്തിന്റെ മാതൃക)